**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.763    05.02.2020 -ലെ മറുപടിക്ക്**

**<u>ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ബി.സത്യൻ** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ കണക്കുകൾ പ്രകാരം എത്ര പട്ടികജാതി ഭവനരഹിത കുടുംബങ്ങളാണ് ഉള്ളത്; ഇതിൽ ഭൂരഹിത ഭവന രഹിതരുടേയും ഭൂമിയുള്ള ഭവന രഹിതരുടെയും ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ; | (എ) | നിലവിലെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 1,63,404 ഭവനരഹിത കുടുംബങ്ങളാണ് ഉള്ളത്. ഇതിൽ 1,01,866 ഭൂരഹിത ഭവനരഹിതരും 61,538 ഭൂമിയുള്ള ഭവനരഹിതരും ആണുള്ളത്. ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | 2020 വർഷത്തിൽ നിലവിലെ പദ്ധതികൾ പ്രകാരം എത്ര കുടുംബങ്ങൾക്കാണ് ഭൂമി ലഭ്യമാക്കുക; | (ബി) | 2019-20 വർഷം നാളിതുവരെ 2614 പേർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (സി) | ഭൂമിയും ഭവനവും ലഭ്യമാക്കുന്ന കുടുംബങ്ങളുടെയും ഭവനം ലഭ്യമാക്കുന്ന കുടുംബങ്ങളുടെയും എണ്ണം വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് വാസയോഗ്യമായ ഭവനം ലഭ്യമാക്കുന്നതിന് ലൈഫ് മിഷൻ പദ്ധതി ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ട 20948 ഭവനരഹിതരിൽ 9160 പേർ കരാറിൽ ഏർപ്പെട്ട് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 5230 വീട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം 2614 പേർക്കും ധനസഹായം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ജില്ല | ലൈഫ് മിഷൻ ലിസ്റ്റ് പ്രകാരമുള്ള ഭവന രഹിതരുടെ എണ്ണം | ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെടാത്ത അർഹതയുള്ള ഭവന രഹിതരുടെ എണ്ണം | ലൈഫ് മിഷൻ ലിസ്റ്റ് പ്രകാരമുള്ള ഭൂരഹിതരുടെ എണ്ണം | ലൈഫ് മിഷൻ ഉൾപ്പെടാത്ത അർഹതയുള്ള ഭൂരഹിതരുടെ നിലവിലെ എണ്ണം |
|---|---|---|---|---|
| തിരുവനന്തപുരം | 3391 | 4014 | 9606 | 9950 |
| കൊല്ലം | 2898 | 7155 | 7063 | 7003 |
| പത്തനംതിട്ട | 775 | 2513 | 1965 | 1091 |
| ആലപ്പുഴ | 1512 | 1181 | 2662 | 2741 |
| കോട്ടയം | 759 | 1245 | 1915 | 2177 |
| ഇടുക്കി | 3236 | 1440 | 8047 | 1391 |
| എറണാകുളം | 1182 | 4750 | 4025 | 4010 |
| തൃശ്ശൂർ | 1695 | 3305 | 7568 | 9816 |
| പാലക്കാട് | 2270 | 2568 | 5261 | 4950 |
| മലപ്പുറം | 1262 | 5448 | 3052 | 1452 |
| കോഴിക്കോട് | 1078 | 2501 | 1618 | 1109 |
| വയനാട് | 498 | 1414 | 760 | 158 |
| കണ്ണൂർ | 144 | 1918 | 512 | 984 |
| കാസർഗോഡ് | 248 | 1138 | 505 | 475 |
| ആകെ | **20948** | **40590** | **54559** | **47307** |

സെക്ഷൻ ഓഫീസർ